# MGNREGS Social Audit Report

**ഉമ്മന്നൂർ ഗ്രാമപഞ്ചായത്**
**വാള്കം നോർത്ത് വാർഡ്**
**വെട്ടിക്കവല ബ്ലോക്ക്,കൊല്ലംജില്ല**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള(MGNSASK)**
**2-ാംനില, സി.ഡബ്ല്യു.സി ബിൽഡിംഗ്സ്,**
**എൽ.എം.എസ് കോമ്പൗണ്ട്,പാളയം, വികാസ് ഭവൻ(പി.ഒ)**
**തിരുവനന്തപുരം-695033**

**ഫോൺ നമ്പർ : 04712724696.**

**ഇ-മെയിൽ: keralasocialaudit@gmail.com**

**ആമുഖം**

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെതൊഴിൽ ചെയ്യുവാനുള്ള അവകാശത്തെസംരക്ഷിച്ചുനിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് 2005 പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം അതുവഴിനിഷ്കർഷിക്കുക പെട്ട ഗുണമേന്മയുള്ളതും സ്ഥിരമായിട്ട് ഉള്ളതുമായ ഉൽപാദനക്ഷമമായ ആസ്തികളുടെ സൃഷ്ടിയും ആണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.2005 സെപ്റ്റംബർ അഞ്ചിനാണ് പാർലമെൻറ് തൊഴിലുറപ്പ് നിയമം പാസാക്കിയത് 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 100 ജില്ലകളിൽ പദ്ധതി ആരംഭിച്ചു കേരളത്തിൽ വയനാട് പാലക്കാട് എന്നീ ജില്ലകളിലും പദ്ധതി വ്യാപിച്ചു കാലാകാലങ്ങളായി കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ആയിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

### പദ്ധതിയുടെ സവിശേഷതകൾ

- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- കരാറുകാരെ ഇടനിലക്കാരോ ഇല്ല .
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന വികസനം എന്നിവയാണ് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും അതിനുള്ള ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- പൊതുജനപങ്കാളിത്തത്തോടെ കൂടിയുള്ള ലേബർ ബഡ്ജറ്റ്
- സ്ത്രീകൾക്ക് മുൻഗണന
- ഗ്രമസഭ തന്നെ പദ്ധതി ഓഡിറ്റ് ചെയുന്നു

# ഉമ്മന്നൂർ പഞ്ചായത്ത്

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് ഉൾപ്പെടുന്ന ആറ് പഞ്ചായത്തുകളിൽ

ഒന്നാണ് **ഉമ്മന്നൂർ** പഞ്ചായത്ത്. വിശാലമായ ഏലാകളാല് സമൃദ്ധമായിരുന്ന ഉമ്മന്നൂര് പഞ്ചായത്ത്. നെല്ലിക്കുന്നം കടാട്ട് ഏലാ, വാളകം ഏല, അമ്പലക്കര ഏലാ, പൊലിക്കോട് ഏലാ, തേവന്നൂര് ഏല, കമ്പംകോട് ഏല തുടങ്ങി ഉമ്മന്നൂര് പഞ്ചായത്തിനെ കൃഷിസമൃദ്ധമാക്കിയ ഏലാകളില് പലതും ഇന്ന് തരിശുകിടക്കുന്നു. വ്യാപകമായ നിലംനികത്തല് അരങ്ങേറിയിട്ടുള്ള പഞ്ചായത്തുകളിലൊന്നാണ് ഉമ്മന്നൂര്. രാഷ്ട്രീയപ്രമുഖരുടേതുള്പ്പെടെയുള്ള ഏലകള് നികത്തപ്പെട്ടു. നികത്തല് ഇപ്പോഴും തുടരുന്നു. കുടുംബശ്രീ പ്രവര്ത്തനങ്ങള് മികച്ചരീതിയില് നടക്കുന്നു

കുടുംബശ്രീ കൂട്ടായ്മകള് കൃഷിരംഗത്തേക്കും കുടില്വ്യവസായങ്ങ കടന്നത് ജനജീവിത്തില്നല്ലയ മാറ്റങൽ വരുത്തിയിട്ടുണ്ട്. കുടിവെള്ളപ്രശ്നവും പ്രധാന റോഡുകളുടെ തകര്ച്ചയും പ്രശ്നങ്ങളാണ്.

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലെ 7അം വാർഡ്ആയ വാള്കം വാർഡ് ആനു ഓഡിറ്റിനായിതിരഞ്ഞെടുക്കപ്പെട്ടത് . സജീവ് തൊഴിലാളികളാണ് ഈ വാർഡിൽ ഉള്ളത്.ഈ വാർഡഇൽ തൊഴിലുറപ്പ് പദ്ധതി പൂർത്തീകരിച്ച് 5 പ്രവർത്തികളുടെ ഫയലുകൾ പരിശോധിക്കുകയും പ്രവർത്തികൾ നടന്ന സൈറ്റുകൾ സന്ദർശിക്കുകയും ചെയ്തു വർക്കുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു

| വർക്ക് കോഡ് | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ചിലവായ തുക | ആരംഭിച്ച തീയതി | അവസാന തീയതി |
|---|---|---|---|---|---|
| 342976 | APL ഭൂവികസനപ്രവർത്തികൾ | 499869 | 479181 | 11/9/18 | 21/3/19 |

| | | | | | |
|---|---|---|---|---|---|
| 323155 | **കിഴക്ക് പള്ളി ഭാഗം ഇരിവേരി ക്കൽ വലിയ തോട് നവീകരണം** | 129703 | 104046 | 5/3/19 | 28/3/19 |
| 342975 | . ചെറുകിട നാമമാത്ര കർഷകരുടെ കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ | 495066 | 471932 | 26/10/18 | 23/3/19 |
| 339408 | SC/BPL കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ | 254055 | 242784 | 23.11.18 | 1/2/19 |
| 272371 | **മൺ റോഡ് നിർമ്മാണം** | 107979 | 104808 | 9.10.18 | 15.11.18 |

## സോഷ്യൽ ഓഡിറ്റ്

പൊതു സമൂഹം പദ്ധതി നിർവഹണത്തെ പറ്റിയും പൊതുധനം ചെലവഴിക്കുന്നതിനെകുറിച്ചുള്ള പരസ്യവും സ്വതന്ത്ര്യവുമായി നടത്തുന്ന പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് . തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത് ഒരു വർഷത്തിൽ രണ്ടു പ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എല്ലാ വാർഡുകളിലും നിർബന്ധമായും നടത്തേണ്ടതാണ്. സുതാര്യത ഉറപ്പുവരുത്തി അഴിമതിരഹിതവും അതുവഴി സദ്ഭരണ സാധ്യമാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് സമൂഹത്തെ പാകപ്പെടുത്തിയിരിക്കുന്നു. തൊഴിലുറപ്പ് നിയമത്തിന്റെ 17 ( 2 )ൽ ആണ് സാമൂഹിക പരിശോധനയെ കുറിച്ച് പ്രതിപാദിക്കുന്നത്. അത് പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ ഗുണഭോക്താക്കൾ ഗുണഭോക്താക്കളുടെ ജീവിത സാഹചര്യത്തിനു ഫലപ്രദമായ മാറ്റം സൃഷ്ടിക്കുന്നതിനു പൊതുപ്പണം ശരിയായ രീതിയിൽ വിനിയോഗിച്ച് ലക്ഷ്യപ്രാപ്തി കൈവരിച്ചോ എന്ന് വിലയിരുത്തലിന് വേണ്ടിയാണ് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്

# രീതിശാസ്ത്രം.

- **സോഷ്യൽ ഓഡിറ്റ് സംഘംചേരൽ.**
- **പരിശോധന ഫയൽ.**
- **പ്രവർത്തി സ്ഥലപരിശോധന.**
- **വീടുവീടാന്തരം ഉള്ള വിവരശേഖരണം.**
- **തെളിവ് ശേഖരണം .**
- **സാമൂഹിക ബോധവൽക്കരണം.**
- **റിപ്പോർട്ട് തയ്യാറാക്കൽ .**
- സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

## അവകാശാധിഷ്ഠിത നിഷേധങ്ങൾ

- തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് വ്യക്തിപരമായ അപേക്ഷ പഞ്ചായത്തിൽ കൊടുക്കും എന്നും അറിയാമായിരുന്നിട്ടും കൂടെ എല്ലാ തൊഴിലാളികളും കളും മെറ്റിന്റെ സഹായത്തോടെ ഗ്രൂപ്പ് ആയിട്ടാണ്അപേക്ഷ നൽകിയിരിക്കുന്നത് . ചുരുക്കം ചില തൊഴിലാളികൾക്ക് അവകാശത്തെക്കുറിച്ച് അറിവില്ലായിരുന്നു. ഇത് വഴി തൊഴിലാളികളുടെ തൊഴിൽ അപേക്ഷിക്കാനുള്ള ഉള്ള അവകാശമാണ് ആണ് നിഷേധിക്കപ്പെട്ടത്.
- **തൊഴിലാളികൾ തൊഴിൽ ആവഷിയപ്പെട്ട 14 ദിവസത്തിനുള്ളിൽ തൊഴിൽ നൽകണം അല്ലാത്തപക്ഷം തൊഴിലില്ലായ്മ വേതനം നൽകണമെന്ന് നിയമം നിലനിൽക്കെ തൊഴിലാളികൾക്ക് ഈ നിയമത്തെക്കുറിച്ചുള്ള അറിവു, അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിച്ചതായി കാണാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള തൊഴിലാളികളുടെ അവകാശമാണ് നിഷേധിച്ചിരിക്കുന്നത്.**
- **തൊഴിൽ അപേക്ഷിച്ചിട്ടുണ്ട് ദിവസങ്ങളോളം കാത്തു നിൽക്കേണ്ട അവസ്ഥയാണ് ആണ് തൊഴിലാളികൾക്ക് ഉള്ളത് . പഞ്ചായത്തിൽ നിന്ന് വിവരങ്ങൾ തിരക്കുമ്പോൾ പുതിയ ജോലികൾ ഒന്നും ആയിട്ടില്ല എന്ന്**

പറഞ്ഞു തിരിച്ചയക്കുകയാണ് പതിവ്. മൂന്ന ഗ്രൂപ്പുകൾ ജോലിക്കായി കാത്തിരിക്കുകയാണ് എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.

- തൊഴിൽ കാർഡ് എടുക്കുന്നതിനുല്ല തുക തൊഴിലാളികളിൽ നിന്നും ചെലവായിട്ടുണ്ട് അത് തിരികെ നൽകേണ്ടതുണ്ട്. എന്നാൽ മേൽ പറഞ്ഞ തൊഴിലാളികൾക്ക് ഒന്നും തന്നെ ചിലവായ തുകതിരികെ ലഭിച്ചിട്ടില്ല.
- എം ജി എൻ ആർ ഇ ജി യെ നിയമപ്രകാരം തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം തണലൊരുക്കാൻ ഉള്ള ടാർപ്പാളിൻ, പ്രഥമശുശ്രൂഷ കിറ്റ് എന്നിവ നൽകണ്ടേതുണ്ട്. എന്നാൽ തൊഴിലാളികളിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഒന്നും തന്നെ കൊടുക്കുന്നതായി കാണുവാൻ കഴിഞ്ഞിട്ടില്ല. ടാർപാളഇൻ തൊഴിലാളികൾ സ്വന്തം പൈസെ ഉപയോഗിച്ചാണ് വാങ്ങിയത് എന്നാണ്അറിയാൻ കഴിഞ്ഞത്. വാടകയായി ഒരു ദിവസം 20 രൂപ എന്ന ക്രമത്തിൽ എഴുതി പഞ്ചായത്തിൽ കൊടുക്കാറുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത് .എന്നാൽ ഇതിന്റെഒന്നും തന്നെ പൈസെ ഇതുവരയെും ആരുടെ അക്കൗണ്ടിൽ എത്തിയിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത് . കുടിവെള്ളം അടുത്തുള്ള വീടുകളിൽ നിന്നും മറ്റേ് എത്തിക്കുകയാണ് പതിവ്. ഒരു മുറിവ് വന്നാൽ കൂടെ ഉപയോഗിക്കാൻ പറ്റിയ മരുന്നുകളൊന്നും തന്നെ

അവരുടെ പക്കൽ ഇല്ല എന്നതും പ്രഥമശുശ്രൂഷ കിറ്റ് എന്നത് നിയമത്തിൽ മാത്രം നിൽക്കുന്ന ഒന്നായി മാത്രമാണ് കാണാൻ കഴിഞ്ഞത്. **പ്രഥമ ശുശ്രൂഷ കിറ്റ് വാങ്ങുന്ന ബില്ല് പഞ്ചായത്തിൽ കൊടുത്താൽ അനുബന്ധ ചെലവ് പഞ്ചായത്തിൽ നിന്നും ലഭിക്കഇല്ല എന്നുപറഞ്ഞ്ഉ അതിനാലാണ് ആണ് അവർ അത് വാങ്ങാത്തത് . എന്നാൽ നേരത്തെ കൊടുത്ത അനുബന്ധ ചിലവുകളുടെ പൈസയൊന്നും തന്നെ അവർക്ക് ലഭിച്ചിട്ടില്ല എന്നാണ് പരാതി .**

- തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ വച്ച് അപകടം സംഭവിച്ചാൽ അവരുടെ ആശുപത്രി ചെലവ, ആശുപത്രിയിൽ കൊണ്ടു പോകുന്നതിനുള്ള വണ്ടിക്കൂലിയും നൽകണ്ടേതുണ്ട്. എന്നാൽ **പണി സൈറ്റിൽ വച്ച് അപകടം പറ്റി മരണപ്പെട്ട ജോസഫ് എന്ന തൊഴിലാളി ക്കു 25000 രൂപ നഷ്ടപരിഹാരമായി പഞ്ചായത്തിൽ നിന്നും ലഭിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ചെറിയ അപകടങ്ങൾ പറ്റിയാൽ ചികിത്സിക്കുന്ന തിനുള്ള ചെലവ് പഞ്ചായത്തിൽ നിന്ന് ലഭിക്കും എന്നുള്ള കാര്യം അവർക്ക് അറിയില്ലായിരുന്നു. അതുകൊണ്ട് ഈ ബില്ലുകൾ ഒന്നും തന്നെ പഞ്ചായത്തിൽ നൽകിയിട്ടില്ല**

**എന്നാണ് തൊഴിലാളികൾ പറഞ്ഞത്.** തൊഴിലാളി കലെ ആശുപത്രിയിൽ കൊണ്ടു പോകുന്ന **വണ്ടിക്കൂലിയും ആശുപത്രി ചിലവുകൾ ഉൾപ്പടെയുള്ള ബില്ലുകൾ തൊഴിലാളികൾ** സ്വന്തം കയ്യിൽ നിന്നാണ് എടുത്തിട്ടുള്ളത്.

- നിയമപ്രകാരം 5 കിലോമീറ്റർ അപ്പുറം ജോലി ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്ക് 10% യാത്ര കൂലി നൽകണ്ടേതാണ്. അങ്ങനെ യാത്രാക്കൂലി ലഭിക്കുമന്നെും ഉള്ള തൊഴിലാളികളുടെ അവകാശത്തെക്കുറിച്ച് അവർക്ക് അറിയില്ലായിരുന്നു. വിശദാംശങ്ങളടങ്ങി സിറ്റിസൺ ബോർഡ് തൊഴിലിടങ്ങളിൽ സ്ഥാപിക്കണമന്നൊണ് നിയമം . **5 വർക്കുകൾ ഉള്ളതിൽ 1 സൈറ്റിൽ മാത്രമാണ് ബോർഡ് കാണുവാൻ കഴിഞ്ഞത്.** . തൊഴിലാളികളിൽനിന്ന് പിരിച്ചെടുത്താണ് ബോർഡ് വച്ചിരിക്കുന്നത്. ഈ പൈസെ ഇതുവരയെും പഞ്ചായത്തിൽനിന്നും മേറ്റിന്റെ അക്കൗണ്ടിൽ എത്തിയിട്ടില്ല എന്നാണ് മേറ്റിമാരിൽ നിന്നും തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.
- മരുന്നു വാങ്ങുന്ന ബില്ലുകൾ ; ഫോട്ടോയെടുക്കുന്ന ബില്ലുകൾ , ഫോട്ടോ കോപ്പി എടുക്കുന്നതിനു ചെലവുകൽ, വണ്ടിക്കൂലിക്ക്ഉല്ല ചിലവുകൾ കൾ ഇവയൊന്നും കിട്ടുന്നില്ല എന്നാണ് മേറ്റുമാരുടെ

പരാതി

- കാലാനുസൃതമായതും തൊഴിലാളികളുടെ ആവശ്യപ്രകാരം ഉള്ള ജോലികൾ അല്ല നൽകുന്നതെന്ന് പരാതിയുയർന്നിട്ടുണ്ട് . തൊഴിലാളികൾക്ക് നല്ല ട്രെയിനുകളും ബോധവൽക്കരണ ക്ലാസുകളും ചെയ്യുന്നതിലൂടെ നമ്മുടെ ഭരണസംവിധാനങ്ങൾ കൂടുതൽ സുതാര്യമാക്കുവാൻകഴിയും. അതിലൂടെയും തൊഴിലുറപ്പ് പദ്ധതി കൂടുതൽ ഫലപ്രദമാകും.

## ഫീല്ഡ് തല പരിശോധനയില് കണ്ടെത്തിയവ

- FIELD VERIFICATION ANALYSIS

| NO | OBSERVATION | REMARKS | SOLUTION |
|---|---|---|---|
| 1 | അശാസ്ത്രീയമായ രീതിയിൽ മഴക്കുഴികൾ എടുതിരിക്കുന്നതാണ് ഫീൽഡിൽ കാണുവാൻ കഴിഞ്ഞത്.കൃത്യമായ അകലമോ എണ്ണമോ പാലിച്ചിട്ടില്ല | കൃത്യമായ അളവിൽ,എണ്ണത്തിൽ അല്ല മഴക്കുഴി നിർമ്മിക്കുന്നത് എങ്കിൽ ഗുണത്തേക്കാൾ ഏറെ ദോഷമായി വരും. | ശാസ്ത്രീയവും അനുയോജ്യവും ആയ തരത്തിൽ മഴക്കുഴികൾ മണ്ണ് കയ്യാല കൾ നിർമ്മിക്കുക. |
| 2 | മണ്ണ് കയ്യാല നിർമ്മാണം നല്ലൊരു പ്രവർത്തിയായി കാണപ്പെട്ടു. മണ്ണ് | മണ്ണ്കയ്യാലനിർമ്മാണം മണ്ണ് ജല സംരക്ഷണ പ്രവർത്തികളിൽ ഉൾപ്പെട്ടത് | എസ്റ്റിമെറ്റ്,MBOOKൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെ ഫീൽഡിൽ |

| | | | |
|---|---|---|---|
| | കയ്യാല നിർമ്മാണം വളരെ ഫലപ്രദവും ഈട് നിൽക്കുന്നവയായും കാണപ്പെട്ടു.ഇത് വളരെ നല്ല ഗുണഫലം ചെയ്യതായി കാണുവാൻ കഴിഞ്ഞു. | ആണ്.അനുയോഗ്യമായ ഭൂപ്രദേശത്ത് അനുയോജ്യമായ മണ്ണിൽ ഉപകാരപ്രദമായ പ്രവർത്തി ആണ്. പക്ഷെ ചില സ്ഥലങ്ങളിൽ ഇടിഞ്ഞു പോയതായി കാണുവാൻ കഴിഞ്ഞു | ഉറപുവരുതുക.പ്രവർത്തി ചെയ്യത് കൊണ്ട് അവിടെ ഒരു ആസ്തി സൃഷ്ടിച്ച എന്ന് ഉറപ്പുവരുത്തുക. .തീറ്റ പ്പുല്ല് ,പുല്ല വാർഗ്ഗത്തിൽ പെട്ട സസ്യങ്ങൾ നട്ടു പിടിപ്പിക്കുക,കല്ലുകൾ കൊണ്ട് ബലപ്പെടുത്തുക ഇവ ചെയ്യാം |
| 3 | എസ്റ്റിമെറ്റ്,MBOOK ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള അളവിൽ എണ്ണത്തിൽ തന്നെ പ്രവർത്തികൾ ഉണ്ടായിരുന്നു | പക്ഷെ അതിന്റെ ഗുണഫലം എത്രത്തോളം ഉണ്ടായി എന്ന് മനസിലാക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ട് . | ഒരു പ്രവർത്തിയുടെ അന്തിമ ഫലം എന്താണെന്നും ,ഭാവിയിൽ അത് എങ്ങനെ ഒരു സാമൂഹിക ആസ്തിയായി വർത്തിക്കും എന്നതിനെ കുറിച്ചുമുള്ള പഠനങ്ങൾ നടത്തിയ പ്രവർത്തികൾ തന്നെ ഫീൽഡിൽ ഉറപുവരുതുക. |
| 4 | NO TOPOGRAPHY STUDY OCCURRED) ടോപോഗ്രഫി പഠനം നടന്നട്ടില്ല.മഴക്കുഴികൾ ഭൂമിയുടെ ചരിവിന് അനുസരിച്ചും ആവശ്യമുള്ള സ്ഥലത്തും അല്ല കാണുവാൻ | ഭൂപ്രക്രിതിയ്ക്ക് അനുയോജ്യമായപ്രവർത്തികൾ ആയിരുന്നുന്നില്ല പ്രവർത്തി സ്ഥലത്തു കണ്ടത്. | ടംബി ലെവൽ ഉപയോഗിച്ച് കൃത്യമായി അളവ് എടുത്തിരുന്നെങ്കിൽ ഭൂപ്രക്രിതിയ്ക്ക് അനുയോജ്യമായ പ്രവർത്തികൾ കണ്ടെത്തുവാൻ കഴിഞ്ഞേനെ |

| | | | |
|---|---|---|---|
| | കഴിഞ്ഞത്. . | | |
| 5 | പ്രദേശത്തെ മണ്ണിനു അനുയോജ്യമായ പ്രവത്തി ആയിരുന്നില്ല.<br>, | ഓരോ മണ്ണിനും അനുയോജ്യമായ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ വ്യത്യസ്തമാണ്.<br>ഈ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നുവെങ്കിൽ പ്രവർത്തിയുടെ ഗുണമേന്മ വർധിക്കുകയും ഈട് നിൽക്കുകയും ചെയ്തേനെ. | പ്രീ മെഷർമെൻറ് എടുക്കുന്ന സമയം ഈ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താം.ഭൂപ്രകൃതി അനുയോജ്യമായ പ്രവർത്തികൾ തിരഞ്ഞെടുക്കാം.ഇത് പ്രവർത്തിയുടെ ഗുണമേന്മ വർധിക്കുകയും ഈട് നിൽക്കുകയും ചെയ്തേനെ . |
| 6 | മഴക്കുഴികളിൽ വാഴ,തെങ്ങ് മുതലായവയുടെ തൈകൾ നാട്ടുപിടിപ്പിച്ചതായി കാണുന്നു.മാലിന്യങ്ങൾ കുട്ടിയിട്ട കുഴികളും ഉണ്ടായിരുന്നു. | | കുഴികൾ നിർമ്മിക്കുമ്പോൾ എസ്റ്റിമേറ്റ് എടുക്കുമ്പോൾ തന്നെ ഗുണഭോക്താക്കളുടെ താൽപ്പര്യവും ആവശ്യവും കണക്കാക്കിയിരുന്നുവെങ്കിൽ തൊഴിലാളികളുടെ കായിക ഊർജ്ജവും,പ്രവർത്തികൾക്ക് വേണ്ടി ചിലവാക്കിയ തുകയും പാഴായി പോകില്ലായിരുന്നു.മഴക്കുഴികൾ നിർമ്മിച്ചാൽ അത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പാക്കാം. |

| | | | |
|---|---|---|---|
| 7 | ആവർത്തന സ്വഭാവം ഉള്ള പ്രവർത്തികൾ ആണ് അധികവും കാണുവാൻ കഴിഞ്ഞത്. | ഒരേ തരത്തിൽ ഉള്ള പ്രവർത്തികൾ ആവർത്തിക്കുന്നത് ഗുണത്തേക്കാൾ ഏറെ ദോഷം ആണ് വരുത്തുക. | വ്യത്യസ്തവും,ക്രിയാത്മകവും ആയ പ്രവർത്തികൾ കണ്ടെത്തി ചെയ്യുക.ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികളും കണ്ടെത്തുക. |
| 9. | കാലാനുസൃതമായി പ്രവർത്തികൾ തിരെഞ്ഞെടുത്തു ചെയ്യുന്നതിന് ശ്രമിക്കുന്നില്ല. | മിക്ക പ്രവർത്തികളും വെള്ളം കൊണ്ടും മറ്റും നശിച്ചു പോയി. | ഇത്തരത്തിൽ ഉള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ നിലനിക്കുന്ന പ്രദേശങ്ങളിൽ,ഇത് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളെ തടുക്കുന്നതോ അതിജീവിക്കുന്നതോ ആയ പ്രവർത്തികൾ കണ്ടെത്തുവാൻ ആണ് ശ്രമിക്കേണ്ടത്. |
| 10 | എസ്റ്റിമെറ്റ്,MBOOK ഇൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള അളവിൽ നിന്നും പ്രവർത്തിയിൽ വ്യത്യാസം കണ്ടെത്തുവാൻ കഴിഞ്ഞു. | പകരം ഭൂഉടമയുടെ സൗകര്യാർഥം ഉള്ള അളവിൽ നീളത്തിലും വീതിയിലും പ്രവർത്തി ആണ് ചെയ്തിരിക്കുന്നത്. | മണ്ണ് ജല സംരക്ഷണാർത്ഥം ഏറ്റെടുക്കുന്ന പ്രവർത്തികൾ,നീർത്തട ധിഷ്ടിത പ്രവർത്തികൾ ചെയ്യുമ്പോൾ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറാൻ തക്ക വണ്ണം പ്രയോജന പ്രദമായി ചെയ്യുക |
| 11 | മണ്ണ് ജല സംരക്ഷണാർത്ഥം ഏറ്റെടുക്കുന്ന പ്രവർത്തികൾ ആണെങ്കിലും വാർഡിൽ മറ്റു | ഇത്തരം പ്രവർത്തികൾ കുടി ,അനുയോജ്യമായ ഭൂപ്രകൃതിയും മണ്ണും ഉണ്ടെങ്കിൽ ഏറ്റെടുത്തു പ്രവർത്തിയുടെ ഫല പ്രപ്തിയുടെ വ്യാപ്തി | മണ്ണ് ജല സംരക്ഷണാർത്ഥം ഏറ്റെടുക്കുന്ന പ്രവർത്തികൾ,നീർത്തട ധിഷ്ടിത പ്രവർത്തികൾ ചെയ്യുമ്പോൾ അതിന്റെ |

| | | | |
|---|---|---|---|
| | പ്രവർത്തികൾ ഏറ്റെടുത്ത് നടക്കുന്നില്ല. | വർധിപ്പിക്കാം. | ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറാൻ തക്ക വണ്ണം പ്രയോജന പ്രദമായി ചെയ്യുക |
| 13 | തൊഴിലാളികൾ പ്രാഗൽഭ്യം ഉള്ളവരായി കാണപ്പെടുന്നു. അത് പ്രവർത്തിയിൽ പ്രതിഫലിക്കുന്നുമുണ്ട് . | പ്രവർത്തികൾ വളരെ വൃത്തിയോടെയും കണിശതയോടെയും ആണ് ചെയ്തിരിക്കുന്നത്. ഈട് നിൽക്കുന്നവയും, പ്രവ ർത്തിയുടെ പ്രഭാവം തെളിവകുന്നവയും ആണ്. | കൂടുതൽ നിർദേശങ്ങളും കൃത്യമായ ഇടവേളകളിലെ ഉദ്യോഗസ്ഥരുടെ ഇടപെടലുകളും അളവ് എടുക്കലുകളും പ്രവർത്തിയുടെ ഗുണമേന്മയും ഗുനഫലവും വർധിപ്പിക്കും |
| 14 | ഫീൽഡ് പരിശോധനയിൽ നിന്നും മനസിലാക്കുവാൻ കഴിഞ്ഞത് .കൃത്യമായ ഇടവേളകളിൽ നിർവഹണ ഉധ്യോഗസ്ഥരുടെ മേൽനോട്ടം ,അളവെടുപ്പ്, നിര്ധേശ്ശങ്ങൾ നൽകുക ഇവ ഉണ്ടാകുന്നില്ല എന്നതാണ് | ഫീൽഡിൽ കാണുന്ന അളവുകളിൽ ഉള്ള വ്യത്യാസം ,ആവർത്തനം ,പോരായ്മയ്കൾ ,ഭൂ ഉടമകളുടെ പേര് മാസ്റ്റർ റോളിൽ വരാഞ്ഞത്, അപേക്ഷയിൽ നൽകിയിരിക്കുന്ന ഭൂമിയിൽ അല്ലാതെ പ്രവർത്തി ചെയ്യുക എന്നിവ നിർവഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടായ കൃത്യ നിർവഹണ വീഴ്ച ആണ് | കൃത്യമായ ഇടവേളകളിൽ നിർവഹണ ഉധ്യോഗസ്ഥരുടെ മേൽനോട്ടം ,അളവെടുപ്പ്, നിര്ധേശ്ശങ്ങൾ നൽകുക |

## (വർക്ക് സൈറ്റിൽ പ്രവർത്തി നേരിട്ട് പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ)

| | |
|---|---|
| **പ്രവർത്തിയുടെ പേര്** | APL ഭൂവികസനം |
| **പ്രവർത്തിയുടെ കോഡ്** | 342976 |
| **പ്രവർത്തി ആരംഭിച്ച തീയതി** | 11/9/18 |
| **പ്രവർത്തി അവസാനിപ്പിച്ച് തീയതി** | 21/3/19 |
| **എസ്റ്റിമേറ്റ് തുക** | 499869 |
| **ചെലവായ തുക** | 479181 |
| **തൊഴിൽ ദിനം** | 1701 |

| Description | Length | Breadth | Depth | Volume | Qty | Total Vol | Rate | total Cost |
|---|---|---|---|---|---|---|---|---|
| Type 1 | 1.5 | 1 | 1 | 1.5 | 428 | 642 | 122 | INR 78,324.00 |
| Mannu Kayyala | 600 | 0.5 | 1.2 | 360 | 1 | 360 | 122 | INR 43,920.00 |
| Estimated Cost | | | | | | | | INR 122,244.00 |
| | | | | | | | | |
| Description | Length | Breadth | Depth | Volume | Qty | Total Vol | Rate | total Cost |
| Type 1 | 1.5 | 1 | 1 | 1.5 | 410 | 615 | 122 | INR 75,030.00 |
| Mannu Kayyala | 600 | 0.5 | 1.2 | 360 | 1 | 360 | 122 | INR 43,920.00 |
| | | | | | | | | |
| Measured Cost as per field | | | | | | | | INR 118,950.00 |
| | | | | | | | | |
| Liablity | | | | | | | | INR 3,294.00 |

ഈ പ്രവര്ത്തിയില് **-3294** രൂപ പൊതുപണം നഷ്ടമയിരിക്കുന്നതായി കണക്കാക്കുന്നു .

| | |
|---|---|
| **2 വർത്തിയുടെ പേര്** | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ കൾ |
| **പ്രവർത്തിയുടെ കോഡ്** | 342975 |

| | |
|---|---|
| പ്രവർത്തി ആരംഭിച്ച തീയതി | 26.10.18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 23.3.19 |
| എസ്റ്റിമേറ്റ് തുക | 495066 |
| ചെലവായ തുക | 471932 |
| തൊഴിൽ ദിനം | 1672 |

| Description | Length | Breadth | Depth | Volume | Qty | Total Vol | Rate | total Cost |
|---|---|---|---|---|---|---|---|---|
| Type 1 | 1.5 | 1 | 1 | 1.5 | 350 | 525 | 122 | INR 64,050.00 |
| Mannu Kayyala | 600 | 0.5 | 1.2 | 360 | 1 | 360 | 122 | INR 43,920.00 |
| MBOOK COST | | | | | | | | INR 107,970.00 |

| Description | Length | Breadth | Depth | Volume | Qty | Total Vol | Rate | total Cost |
|---|---|---|---|---|---|---|---|---|
| Type 1 | 1.5 | 1 | 1 | 1.5 | 333 | 499.5 | 122 | INR 60,939.00 |
| Mannu Kayyala | 600 | 0.5 | 1.2 | 360 | 1 | 360 | 122 | INR 43,920.00 |
| | | | | | | | | |
| Measured Cost as per field | | | | | | | | INR 104,859.00 |
| | | | | | | | | |
| Liablity | | | | | | | | INR 3,111.00 |
| | | | | | | | | |

ഈ പ്രവര്ത്തിയില് **-3111** രൂപ പൊതുപണം നഷ്ടമയിരിക്കുന്നതായി കണക്കാക്കുന്നു

| | |
|---|---|
| പ്രവർത്തിയുടെ പേര് | SC/BPL കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ |
| പ്രവർത്തിയുടെ കോഡ് | 339408 |
| പ്രവർത്തി ആരംഭിച്ച തീയതി | 23.11.18 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 1.2.19 |
| എസ്റ്റിമേറ്റ് തുക | 254055 |
| ചെലവായ തുക | 242784 |
| തൊഴിൽ ദിനം | 864 |

| Description | Length | Breadth | Depth | Volume | Qty | Total Vol | Rate | total Cost |
|---|---|---|---|---|---|---|---|---|
| Type 1 | 1.5 | 1 | 1 | 1.5 | 290 | 435 | 122 | INR 53,070.00 |
| Mannu Kayyala | 300 | 0.5 | 1.2 | 180 | 1 | 180 | 122 | INR 21,960.00 |
| Estimated Cost | | | | | | | | INR 75,030.00 |
| | | | | | | | | |
| Description | Length | Breadth | Depth | Volume | Qty | Total Vol | Rate | total Cost |
| Type 1 | 1.5 | 1 | 1 | 1.5 | 259 | 388.5 | 122 | INR 47,397.00 |
| Mannu Kayyala | 300 | 0.5 | 1.2 | 180 | 1 | 180 | 122 | INR 21,960.00 |
| | | | | | | | | |
| Measured Cost as per field | | | | | | | | INR 69,357.00 |
| | | | | | | | | |
| Liablity | | | | | | | | INR 5,673.00 |
| | | | | | | | | |

ഈ പ്രവര്ത്തിയില് **-5673** രൂപ പൊതുപണം നഷ്ടമയിരിക്കുന്നതായി കണക്കാക്കുന്നു

| | |
|---|---|
| **പ്രവർത്തിയുടെ പേര്** | 272371 **മൺ റോഡ് നിർമ്മാണം** |
| **പ്രവർത്തി ആരംഭിച്ച തീയതി** | 9.10.18 |
| **പ്രവർത്തി അവസാനിപ്പിച്ച് തീയതി** | 15.11.18 |
| **എസ്റ്റിമേറ്റ് തുക** | 107979 |
| **ചെലവായ തുക** | 104808 |
| **തൊഴിൽ ദിനം** | 368 |

**മൺ റോഡ് നിർമ്മാണ എന്ന് പ്രവർത്തിയിലൂടെ ചെറിയ ഒരു ഇടവഴിയെ 200 മീറ്റർ നീളത്തിലുള്ള ഒരു റോഡ് ആക്കി മാറ്റുകയും ഒരു വാഹനം കയറി പോകാന്ന് രീതിയിൽ വീതികൂട്ടി റോഡ് ഉപയോഗയോഗ്യം ആക്കി. ഇതുവഴി പ്രദേശത്തെ നാലഞ്ച് കുടുംബങ്ങൾക്കും മൂന്നാല് ഭൂ ഉടമകൾക്കും ഇതുമൂലം പ്രയോജനം ഉണ്ടാവുകയും ചെയ്തു.**

ഇത് ഒരു പരിധിവരെ ആസ്തി ഉണ്ടാക്കിയത് ആയിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്

| പ്രവർത്തിയുടെ പേര് | കിഴക്ക് പള്ളി ഭാഗം വലിയ തോട് നവീകരണം |
|---|---|
| പ്രവർത്തിയുടെ കോഡ് | 323155 |
| പ്രവർത്തി ആരംഭിച്ച തീയതി | 5.3.19 |
| പ്രവർത്തി അവസാനിപ്പിച്ച് തീയതി | 28.3.19 |
| എസ്റ്റിമേറ്റ് തുക | 129703 |
| ചെലവായ തുക | 104046 |
| തൊഴിൽ ദിനം | 366 |

കിഴക്ക് പള്ളി ഭാഗം ഇരിവരേി കര വലിയ തോട് നവീകരണം എന്ന പ്രവർത്തിയിലൂടെ അടുത്തുള്ള കൃഷി സ്ഥലങ്ങളിലേക്ക് അ ജലത്തെ സുഖമായി എത്തിക്കുന്നതിനു അതുവഴി ജലം കൃഷിക്ക് അനുയോജ്യം ആകുന്ന രീതിയിൽ ലഭിക്കും ന്നതിന് തോട് നവീകരണം എന്ന് പ്രവർത്തിയിലൂടെ സഹായിച്ചിട്ടുണ്ട്. ഇത് ഒരു പരിധിവരെ ആസ്തി ഉണ്ടാക്കിയതാണ് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്

## ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ

തൊഴിലുറപ്പ് പദ്ധതിയുടെ അവകാശ അവലോകന ഗ്രാമസഭയ്ക്ക് മുന്നോടിയായി പഞ്ചായത്തിലെ

തൊഴിലുറപ്പ് തൊഴിലാളികൾ എല്ലാം വിളിച്ചു ചേർത്തു ഒരു ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ നടത്തുകയുണ്ടായി. അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക എന്നതായിരുന്നു ചർച്ചയുടെ പ്രധാനലക്ഷ്യം

124തൊഴിലാളികളുള്ള ഗ്രാമപഞ്ചായത്തിൽ ഏകദേശം 74തൊഴലാളികൾ ഈ ചർച്ചയിൽ പങ്കെടുത്തതു. 2008 ആണ് ഗ്രാമപഞ്ചായത്ത്ഈ പദ്ധതി ആരംഭിക്കുന്നത്. 12 വർഷത്തോളമായി ഈ പദ്ധതിയുടെ കീഴിൽ ജോലി ചെയ്യുന്നവരും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം അടുത്ത സമയത്ത് ജോലി തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തിട്ടുണ്ട്. സ്ത്രീകൾക്ക് തന്നെയായിരുന്നു മുൻഗണന വിരലിലെണ്ണാവുന്ന പുരുഷന്മാർ മാത്രമാണ് ചർച്ചയിൽ പങ്കെടുത്തത്. 90% പ്രായംചെന്നവർ ആയിരുന്നു

- ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിലെ 7 വാർഡിൽ തൊഴിൽകാർഡ് അപേക്ഷിച്ച് 18 വയസ് പൂർത്തിയായവർക്കും 15 ദിവസത്തിനകം തന്നെ തൊഴിൽ കാർഡ് ലഭിചതായി അറിയാൻ സാധിചു.
- തൊഴിലാളികൾക്ക് ക്ക് അപേക്ഷ നൽകാം എന്ന് അറിയാമായിരുന്നിട്ടും കൂടി അവർ മറ്റെറിന്റെ സഹായത്തോടെയാണ് തൊഴിൽ അപേക്ഷ

ന**ൽ**കിയിരുന്നത്. അതുകൊണ്ട് തൊഴിലാളിയുടെ കൈവശം പഞ്ചായത്തി**ൽ** നിന്ന് ലഭിക്കുന്ന കൈപ്പറ്റ് രസീതു ഉണ്ടായിരുന്നില്ല. അതുകൊണ്ട് 14 ദിവസത്തിനകം ജോലി ലഭിക്കണം എന്നുള്ള അവകാശമാണ് ലംഘിക്കപ്പെടുന്നത്.

- തൊഴിലിടം സൗകര്യങ്ങളായ കുടിവെള്ളം, പ്രഥമശുശ്രൂഷ കിറ്റ്, തണ**ൽ** എന്നിവ ഉണ്ടായിരിക്കണ്ടേ തു തൊഴിലാളികളുടെ അവകാശമാണ് എന്നാ**ൽ** തൊഴിലാളികളി**ൽ** നിന്നും മനസിലാക്കാ**ൻ** കഴിഞ്ഞത് കുടിവെള്ളം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നാണ്. എന്നാ**ൽ** മറ്റേ മാ**ർ** എല്ലാവരും തന്നെ എന്നെ സ്വന്തം ചിലവി**ൽ** ടാ**ർ**പോളി**ൻ** വാങ്ങുകയും പ്രഥമ ശുശ്രൂഷ കിറ്റ്വവാങ്ങുകയും ചെയ്യുന്നുണ്ട് . ടാ**ർ**പ്പോളി**ൻ** വാടകയിനത്തി**ൽ** ഒരുദിവസത്തെ 20 രൂപ എന്ന ക്രമത്തി**ൽ** ബില്ലിട്ട് പഞ്ചായത്തി**ൽ** ന**ൽ**കുന്നുണ്ടന്നെും എന്നും പ്രഥമശുശ്രൂഷ കിറ്റ് വാങ്ങിയതിനുള്ള അനുബന്ധ ചലെവുക**ൾ** പഞ്ചായത്തി**ൽ** കൊടുക്കുന്നുണ്ട് എന്നും ഇതിനെ ഒന്നും തന്നെ പണൈ അവ**ർ**ക്ക് ലഭിക്കുന്നില്ല എന്നതാണ് തൊഴിലാളികളി**ൽ** നിന്നും അറിയാ**ൻ** കഴിഞ്ഞത് . തൊഴി**ൽ** സൈറ്റി**ൽ** വചെ്ച് സുഖം

ഇല്ലാതായ ജോസഫ് എന്ന തൊഴിലാളി മരിക്കുകയുണ്ടായി .ഇതിനു നഷ്ടപരിഹാരമായി ഇരുപത്തിയയ്യായിരം രൂപ പഞ്ചായത്തിൽ നിന്ന് ലഭിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്. ഇതുകൂടാതെ തൊഴിലാളികൾ തൊഴിൽ ലഭിക്കുന്നില്ല എന്നതാണ് പ്രധാന പരാതി. തുടർച്ചയായും ജോലി ലഭിക്കുന്നില്ല എന്നും ഒരു മസ്ട്രൊൽ കഴിഞ്ഞാൽ പല കാരണങ്ങൾ പറഞ്ഞ് കാലതാമസം വരുത്തുകയാണ് ചെയ്യുന്നത് എന്നും അതുകൊണ്ട് 100 തൊഴിൽ ദിനങ്ങളും ഞങ്ങൾക്ക് ലഭിക്കുന്നില്ല എന്നും ഞങ്ങളുടെ ഉപജീവനമാർഗമാണ് എന്നുമനുതൊഴിലാളികളും പറഞ്ഞത്. ഒരു കൂടാതെ സുരക്ഷ ഉപകരണങ്ങളായ കയ്യുറ ,കാലുറ എന്നിവ ഇല്ലാത്തത് കാരണം ഒരു രൂപ കിറ്റ് വാങ്ങി കാലു കെട്ടി കൊണ്ടാണ് മലിനമായ ജലത്തിൽ ഇറങ്ങി ജോലി ചെയ്യുന്നത് എന്നാണ് തൊഴിലാളികൾ പറഞ്ഞത്.

## തൊഴിലാളികളുടെ അവകാശങ്ങൾ

തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പ്രധാനം ചെയ്യുന്നു അവ ഏതൊക്കെയൊണന്നെ് ചുവടെ ചേർക്കുന്നു .

- തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം.

- അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിനാൽ കൈപ്പറ്റ് രസീത് ലഭിക്കുവാനുള്ള അവകാശവും.
- തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.
- ഷെൽ ഓഫ് പ്രൊജക്റ്റ് തയ്യാറാക്കാനുള്ള അവകാശം.
- 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10% അധികം.
- കുടിവെള്ളം വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ലഭിക്കാനുള്ള അവകാശം.
- 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുവാൻ ഉള്ള അവകാശം .
- വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം .
- പരാതി പരിഹാരത്തിനുള്ള അവകാശം.
- സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം .

## പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ.

- അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ആയിരിക്കണം.
- 18 വയസ്സ് പൂർത്തിയായിരിക്കണം.

- **ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിക്കും.**
- **കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം.**
- **ജോലിക്ക് മുൻകൂറായി അപേക്ഷിക്കണം.**
- **അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലങ്കെിൽ നിശ്ചിത നിരക്കിൽ ഉള്ള തൊഴിലില്ലായ്മ വേതനം.**
- **തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം .**
- **മസ്റ്റർ റോൾ പൂർത്തീകരിച്ചു 15 ദിവസത്തിനകം കൂലി.**
- **കാലതാമസം ആകുന്ന ഓരോ ദിവസത്തിനും 0.5 ശതമാനം നിരക്കിൽ നഷ്ടപരിഹാരം**
- **കുടിക്കാനുള്ള വെള്ളം പ്രഥമ ശുശ്രൂഷ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം**

## പഞ്ചായത്തിൽ സൂക്ഷിക്കണ്ടേ 7 രജിസ്റ്ററുകൾ

- തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
- ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ,ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

- തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
- പ്രവർത്തി ലിസ്റ്റ് ചെലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
- സ്റ്റിര ആസ്തികളുടെ രജിസ്റ്റർ
- പരാതി രജിസ്റ്റർ
- സാധന രജിസ്റ്റർ

## 1. <u>**തൊഴിൽ കാർഡ് രജിസ്റ്റർ**</u>

തൊഴിൽ കാർഡ് രജിസ്റ്റർ പൂർണമായിരുന്നു എം ഐഎസിൽ നിന്നും രജിസ്റ്റർ ആയി തന്നെ സൂക്ഷിച്ചിരുന്നു .

## 2. <u>ഗ്രാമസഭ രജിസ്റ്റർ</u>

പൊതു ഗ്രാമസഭ രജിസ്റ്ററും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ രജിസ്റ്ററും ഒന്നുതന്നെയാണ ഒക്ടോബർ വരെ സൂക്ഷിച്ചിരുന്നത്. എന്നാൽ പഞ്ചായത്തിൽ പോയി അറിയിച്ചതിന് അടിസ്ഥാനത്തിൽ 2019 മുതൽ ഗ്രാമസഭയുടെ പ്രത്യേകേ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് .

## 3. <u>**തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ**</u>

തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച എല്ലാ രേഖകളും എം ഐ എസിൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിട്ടില്ല .

## 4. വർക്ക് രജിസ്റ്റർ

വർക്ക് രജിസ്റ്റർ പൂർണമായിരുന്നു. എം ഐ എസ് ഇൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിരുന്നു. പ്രവർത്തി ആരംഭിച്ചത് അതും അവസാനിച്ച തീയതി ബോധ്യപ്പെടുത്തിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രവർത്തികളും ഒരു വർക്ക് രജിസ്റ്റർ എന്ന നിലയ്ക്കാണ് രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. എം ഐ എസിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത കോപ്പി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നു.

## 5.സ്ഥിര ആസ്തി രജിസ്റ്റർ.

**2017 വരെയുള്ള വ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ഈ രജിസ്റ്ററിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്തിട്ടില്ല .**

## 6.പരാതി രജിസ്റ്റർ .

**2012 മുതൽ ഉള്ള പരാതികളാണ് രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്നത്. മൊത്തം 1.9.2018 വരെയുള്ള പരാതികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരാതികൾക്ക് എല്ലാം പരിഹാരം ഉണ്ടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.**

## 7. മറ്റീരിയൽ രജിസ്റ്റർ

ജൂൺ വരയെുള്ള എല്ലാവർക്കും എൻറയെും സിറ്റിസൺ ഇൻഫർമഷേൻ ബഓേർഡ് രഖേകളാണ് രജിസ്റ്റർ ആയി എം ഐെ എസിൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിരിക്കുന്നത്. പഞ്ചായത്തിലെ തൊഴിലുറപ്പ് രജിസ്ട്രരുമായി ബന്ധപ്പടെ്ട ലംഘനങ്ങൾ തൊഴിലുറപ്പു നിയമത്തിന് സകെ്ഷൻ 25 പ്രകാരമുള്ള ഉള്ള ശിക്ഷാനടപടികൾ ക്ഷണിച്ച് വരുത്താൻ പര്യാപ്തമാണ്.

## പ്രവർത്തി നിർവ്വഹണം .

1. സൈറ്റ് ഡയറി.

പ്രവർത്തി സ്ഥലത്ത് നടക്കുന്ന പ്രത്യകേ സംഭവങ്ങൾ രഖേപ്പടെുത്തുന്നതിന് വണേ്ടിയാണ് ആണ് ഡയറി സൂക്ഷിച്ചിരിക്കുന്നത്. പ്രവർത്തി പരിശഓേധിക്കാൻ എത്തുന്ന ഉദ്യഓേഗസ്ഥർ വി എം സി അംഗങ്ങൾ എന്നിവർ പ്രവർത്തിയെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദശേങ്ങളും രഖേപ്പടെുത്തണേ്ടതാണ്. തൊഴിൽ സ്ഥലത്ത് ഉണ്ടാകുന്ന പ്രത്യകേ സംഭവങ്ങൾ അപകടങ്ങൾ മറ്റ്

തടസ്സങ്ങൾ എന്നിവയും ഡയറി രഖേപ്പടുെത്തണമന്നൊണ് ആണ് വ്യവസ്ഥ .പരിശോധിച്ച് 4വർക്കുകളിലും സൈറ്റ് ഡയറി. ഉണ്ടായിരുന്നു. കവർപജേ് പൂർണമായും പൂരിപ്പിച്ചിരുന്നില്ല. ചികിത്സാ ചലെവ് സംബന്ധിച്ച് യാതൊരു രഖേപ്പടുെത്തലുകൾ ഡയറിയിൽ കാണുവാൻ സാധിച്ചില്ല ല്തൊഴിലിടം സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രഖേപ്പടുെത്തി.യിരുന്നില്ല. വിജിലൻസ് ആൻഡ് മോണിററ്റിങ് കമ്മിറ്റി അംഗങ്ങളായി ഒപ്പിട്ട് അഞ്ച് അംഗങ്ങളും പൊതു പ്രവർത്തകരാണ് . എന്നാൽ പ്രവർത്തിയുടെ പ്രയോജനത്തകെ്കുറിച്ച് പുതിയ നിർദ്ദശേങ്ങളെ കുറിച്ചും ഒന്നും തന്നെ ഡയറി രഖേപ്പടുെത്തിയിരുന്നില്ല . തൊഴിൽഉപകരണങ്ങളുടെ വാടക യുടെ മുഴുവൻ കാര്യങ്ങളും രഖേപ്പടുെത്തിയിട്ടഇല്ല്. സന്ദർശന കുറിപ്പ് ഓവർസിയർ മാത്രമാണ് ആണ് ഒപ്പുവച്ചിരിക്കുന്നത് .തൊഴിലാളികൾക്ക് നൽകിയ നിർദശേങ്ങളകെ്കുറിച്ച് അഭിപ്രായങ്ങളെ കുറിച്ചും

കണ്ടത്തെിയ കാര്യങ്ങളെ കുറിച്ചും ഒന്നും തന്നെ പ്രതിപാദിച്ചിട്ടില്ല.

## 2. വിജിലന്‍സ് ആന്‍ഡ് മോണിററിങ് കമ്മിററി

ഓരോ വാര്‍ഡിലും അംഗീകരിച്ച 5 മുതല്‍ 7 പരേല്‍ കുറയാത്ത ഒരു വിഎംസി ഉണ്ടായിരിക്കണം എന്നതാണ് വ്യവസ്ഥ. . പ്രവര്‍ത്തിയുടെ യുടെ വിവിധ ഘട്ടങ്ങളിലെ പുരോഗതി ഈ സമിതി വിലയിരുത്തുന്നതും തിരുത്തല്‍ നിര്‍ദ്ദേശങ്ങള്‍ സമയാസമയങ്ങളില്‍ പഞ്ചായത്തില്‍ രേഖാമൂലം അറിയിക്കാവുന്നതാണ്. ഇതിന്‍റെ റിപ്പോര്‍ട്ട് വര്‍ക്ക് ഫയലുകളില്‍ സൂക്ഷിക്കേണ്ടതും ഇത് ഭാവിയിലുള്ള ഗ്രാമസഭാ സോഷ്യല്‍ ഓഡിററിങ് സഹായകമാകുന്നതാണ് .

## 3. എഫ് ടി ഓ - എം ബുക്ക് സംബന്ധിച്ചു

എഞ്ചിനീയര്‍ മൊത്തം ഹാജരും കൂട്ടി നോക്കി മസ്ററ് റോള്‍ ക്ലോസ് ചെയ്തു കഴിഞ്ഞാല്‍ ചെയ്ത പ്രവര്‍ത്തികള്‍ അളന്നു രേഖപ്പെടുത്തുകയും അതിന്‍റെ അടിസ്ഥാനത്തില്‍ തയ്യാറാക്കിയ വാലുവേഷന്‍ സര്‍ട്ടിഫിക്കററ് ഉണ്ടാക്കി കൂലി നല്‍കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഏല്‍പ്പിക്കണമെന്ന് താണ് വ്യവസ്ഥ. പരിശോധിച്ച് 5 ഫയലുകളിലും പ്രവര്‍ത്തികള്‍ അളന്ന്

തിട്ടപ്പപ്പടുത്തിയത് ആയി കാണുവാൻ സാധിച്ചില്ല. എന്നാൽ ഫീൽഡിൽ നിന്ന് അറിയാൻ കഴിഞ്ഞത് പ്രവർത്തികൾ അളക്കുന്നതിന് കൃത്യമായ മാനദണ്ഡം പാലിച്ചിരുന്നില്ല എന്നതാണ്. ഓരോ മസ്റ്റർ കഴിയുമ്പപോഴും കൃത്യമായി അളക്കാതയൊണ് ക്ലോസ് ചയെ്തു വാലുവഷേൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് അനുമാനിക്കണേ്ടിയിരിക്കുന്നു .ഫണ്ട് ട്രാൻസ്ഫർ തയ്യാറാക്കുന്നതിന് മുന്നേ പ്രവർത്തികൾ അളന്ന് തിട്ടപ്പപ്പടുത്തുകയും അത് കൃത്യമായി എം ബുക്കിൽ രഖേപ്പപ്പടുത്തണേ്ടതാണ്.

## 4 . സിറ്റിസൺ ഇൻഫർമഷേൻ ബോർഡ്

പ്രവർത്തി സ്ഥലത്തെ പ്രവർത്തിയെ സംബന്ധിച്ച് ലഘുവായ വിവരങ്ങളടങ്ങിയ തും സാധാരണക്കാരായ ആയ ഏതൊരു വ്യക്തിക്കും മനസ്സിലാകുന്ന ഭാഷയിൽ എഴുതിയതുമായ ഒരു ബോർഡ് ഉണ്ടായിരിക്കണം എന്നതാണ് .ചട്ടം.പ്രവർത്തി ആരംഭിക്കുന്ന സമയത്ത് തന്നെ തൊഴിലിടങ്ങളിൽ സ്ഥാപിക്കുന്ന അധികാരികരഖേയാണ് സിറ്റിസൺ ഇൻഫർമഷേൻ ബോർഡ് . പരിശോധിച്ച് 5

പ്രവർത്തി സ്ഥലങ്ങളിൽ1

.സ്ഥലതു മറ്റ്രമനു ആനുബപോർഡു വച്ചിരിക്കുന്നു. ഈ ബപോർഡുകൾ എല്ലാം തന്നെ തൊഴിലാളികളിൽ നിന്ന് പിരിച്ചടെുത്ത പണൈ ഉപയോഗിച്ച് വാങ്ങിയതാണ് .. ഈ ബോഡി നായി ചിലവായ തുക കൾ ഇതുവരയെും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

## 5. **ആസ്തി സൃഷ്ടിക്കൽ.**

വിവിധ സർക്കാർ വികസന പദ്ധതികളുടടെ വിവിധ ഘട്ടങ്ങളളെ സമന്വയിപ്പിച്ച് പരമാവധി ആസ്തി സൃഷ്ടിക്കാനും അതുവഴി ശരിയായ വികസനം സാധ്യമാക്കുകയും വണേം എന്നതാണ് വ്യവസ്ഥ.എന്നാൽ പരിശോധിച്ച് 5ഫയലുകളിൽ ഒന്നും തന്നെ യാതൊരു ആസ്തിയും സൃഷ്ടിച്ചതായി കാണാൻ കഴിഞ്ഞില്ല .എന്നാൽ ചറെുകിട നാമമാത്ര കർഷകരുടടെ ഭൂമിയിൽഭു വികസനമന്നെ 3 വർക്കുകളിലടെ മഴകുഴിയും മൻകയ്യൊലയും ചയ്തെത് മൂലം ഒരു പരിധിവരടെ ജലക്ഷാമത്തിൽ നിന്നും രക്ഷപ്പടൊൻ കഴിഞ്ഞിട്ടുന്ദു എന്നാണ്ഭൂഉടമകലിൽ നിന്നും അറിയാൻ കഴിഞ്ഞത്**റോഡ് നിർമ്മാണം എന്ന**

**പ്രവർത്തി മൂലം വാളകം നോർത്ത് അവാർഡിൽ ഒരു ആസ്തി ക്രിയേറ്റ് ചെയ്തതാണ് കാണാൻ കഴിഞ്ഞത്.**

## 6 സന്ദർശന കുറിപ്പ്.

പ്രവർത്തി പരിശോധിക്കാൻ എത്തുന്ന ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ഗ്രന്ഥശാല ,ക്ലബ് ഭാരവാഹികൾ എന്നിവർക്ക് പ്രവർത്തി സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രഖപ്പെടുത്താം. 5 വർക്കുകളുടെ സന്ദർശനം കുറിപ്പുകളിലു AE, വാർഡ് മെമ്പറും മാത്രമാണ് ഒപ്പുവച്ചിരിക്കുന്നത്.

## 7. ഹെൽപ്പ് ലൈൻ

കൊല്ലം ജില്ലയിലെ ഹെൽപ്പ് ലൈൻ നമ്പർ(1800 425 7800) പ്രവർത്തിക്കുന്നതായാണ് ബോധ്യപ്പെട്ടത് എന്നാൽ തൊഴിലാളികൾക്ക് ഇതിനെക്കുറിച്ച് അറിവുള്ള തായി അറിയാൻ കഴിഞ്ഞില്ല.

## കണ്ടെത്തലുകളും നിർദ്ദേശങ്ങളും

- തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് കൃത്യമായ ഒരു ധാരണയുമില്ല

- **ഉടമകൾ ഉൾപ്പടെ 126 തൊഴിലാളികൽ ഉള്ളതിൽ 23തൊഴിലാളികൾക്ക് മാത്രം ആണ് നൂറ് തൊഴിൽദിനം ലഭിച്ചതു.ഇതിൽ കൂടുതൽപരും ഒരു കുടുംബത്തിൽ നിന്ന് രണ്ട് പേർ ജോലിക്ക് വരുന്ന വരാനു. ഇത് നിർവഹണ ഉദ്യോഗസ്ഥർ പ്രത്യകേ ശ്രദ്ധിക്കണ്ടേതാണ്**.
- തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ അവകാശമായി അല്ല അവർ കാണുന്നത്, മറ്റേു നൽകുന്ന ഒരു ഔദാര്യം എന്നാണ് തൊഴിലാളികൾ മനസ്സിലാക്കുന്നത്.
- മാർച്ചിനുശഷേം ഇതുവരയെും 20 തഴെ

ജോലിവീതം മാത്രമെ പഞ്ചായത്ത് അനുവദിച്ചു കൊടുത്തിട്ടുല്ലു എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്. **പഞ്ചായത്തിൽ പ്രോജക്ട് മീറ്റിംഗ് കഴിഞ്ഞു ആഴ്ചകളോളം കാത്തിരിക്കണ്ടേ അവസ്ഥയാണ് ഇവിടെ ഉള്ളത് എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.** തൊഴിലിനു വണ്ടേി അപക്ഷേ നൽകി , . പക്ഷേ കൈപ്പറ്റ് രസീത് വാങ്ങിയിട്ടില്ല. അത് വാങ്ങണം

എന്ന കാര്യം അവര്‍ക്ക് അറിയില്ലായിരുന്നു എന്നാണ് മറ്റേു പറഞ്ഞത്

- തൊഴിലാളികള്‍ എല്ലാവരും തന്നെ പ്രഗല്‍ഭരായI കാണപ്പെടുമെങ്കിലും അവര്‍ കണ്ടെത്തിയിരിക്കുന്നു മിക്ക തൊഴിലുകളും പഞ്ചായത്ത് ഏറ്റെടുത്തു നടത്താറില്ല എന്നാണ് തൊഴിലാളികളില്‍ നിന്നും അറിയാന്‍ കഴിഞ്ഞത്.
- **മാര്‍ച്ച് വരെ തൊഴിലാളികള്‍ക്ക് തൊഴില്‍ നല്‍കാന്‍ കാലതാമസം വരുത്തുകയും മാര്‍ച്ച് ആകുമ്പോഴേക്കും വലിയ എസ്റ്റിമേറ്റ് തുക നല്‍കി തൊഴിലുകള്‍ ഏറ്റെടുത്തു നടത്തുകയും അത് കുറച്ചു മാത്രം ചെലവാക്കുകയും ബാക്കി തുക ചെലവാകാതെ പോവുകയും ചെയ്യുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത് .ഇതുനിര്‍വ്വഹണ ഉദ്യോഗസ്ഥര്‍ പ്രത്യകേ ശ്രദ്ധിക്കണ്ടേതാണ്.**
- **സമയമ** ബന്ധിതമായി **പ്രോജക്ടുകള്‍ തയ്യാറാക്കുകയും രഖേകള്‍ സംഘടിപ്പിക്കുന്നതിനും കഴിയുന്നില്ല എന്ന് മാത്രമല്ല അംഗീകാരം കിട്ടിയ പ്രോജക്ടുകള്‍**

**പോലും പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നത് പ്രത്യകേം നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണ്ടേതാണ്**

- ക്രിയാത്മക ചർച്ചകളിലൂടെ തൊഴിലാളികളുടെ പരമ്പരാഗത അറിവിനെ പ്രയോജനപ്പെടുത്തി അവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി ഗ്രാമസഭയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് വണേം ഉദ്യോഗസ്ഥർ തൊഴിൽ തിരഞ്ഞെടുക്കണ്ടേത്
- തൊഴിലുറപ്പു നിയമം മം തൊഴിലാളികൾക്ക് ഉറപ്പുനൽകുന്ന തൊഴിൽ സൗകര്യങ്ങളായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമായി എന്ന് ബോധ്യപ്പെട്ട അവർ ഉറപ്പുവരുത്തണം.
- നിയമപ്രകാരം ഉടമകൾ അവരുടെ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൃഷിയോഗ്യമാക്കാൻ അപേക്ഷ നൽകുകയും അത് പ്രകാരം അവർക്ക് ചെയ്തു കൊടുക്കുകയാണ് ചെയ്തത്. പരിശോധിച്ച പ്രവർത്തികളിൽ ഉടമകൾ എല്ലാം തന്നെ ഒരു ദിവസം ജോലി ചെയ്തതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.
- പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ ഭൂപ്രകൃതിയനുസരിച്ച് ആ പ്രദേശത്ത് ചെയ്യാൻ പറ്റുന്ന പ്രവർത്തികൾ ആണ് എന്ന് ഉദ്യോഗസ്ഥർ

ഉറപ്പുവരുത്തണം.

- ഒരു മഴക്കുഴി യുടെ കാലാവധി 3 വർഷം ആണന്നെിരിക്കെ അത് ചാണകം, വാഴ, തങ്ങെ്, ചപ്പുചവറുകൾ എന്നിവയ്ക്കുള്ള കുഴികൾ ആയിട്ടാണ് കാണാൻ സാധിച്ചത്.
- ഒരു ടൈപ്പും മഴക്കുഴികൾ മാത്രമാണ് എസ്റ്റിമറ്റേ് പ്രകാരം ഉണ്ടായിരുന്നത് എന്നാൽ പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞത് അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്നു വലുതും ചറെുതുമായ മഴക്കുഴികൾ ആണ്
- സാമൂഹിക സന്നദ്ധ സംഘടനകളുടയെും എൻജിഒ യുടയെും പങ്കാളിത്ത എങ്ങും തന്നെ കാണാൻ കഴിഞ്ഞില്ല.
- പദ്ധതി ആസൂത്രണത്തിന് വണ്േട പരിശീലനം തൊഴിലുറപ്പ് സ്റ്റാഫുകൾക്ക് മറ്റെ് മാർക്കും നൽകണ്േടിയിരിക്കുന്നു.

**<u>അനുബന്ധങ്ങൾ</u>**

**ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ**

**കേന്ദ്ര സർക്കാർ നിർദേശപ്രകാരം താഴെ പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്**

1. കവർപേജ്
2. ചെക്ക് ലിസ്റ്റ്
3. ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.
4. സാങ്കേതിക എസ്റ്റിമേറ്റ് ഡിസൈനും അടങ്ങിയ പുതിയ സാങ്കേതിക അനുമതിയുടെ കോപ്പി.
5. ഭരണാനുമതി യുടെ സാമ്പത്തിക അനുമതിയുടെയും കോപ്പി
6. കൺവർജൻസ് വിശദാംശങ്ങൾ
7. തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
8. അനുവദിച്ച കൊണ്ടുള്ള നോട്ടീസ് കോപ്പി
9. പൂരിപ്പിച്ച മാസ്റ്റർ റൊൾ കോപ്പി
10. മെഷർമെൻറ് ബുക്കിന്റെ കോപ്പി.
11. സാധനങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ ക്ഷണിച്ചതിൽ കംപാരറ്റീവ് സ്റ്റേറ്റ്മെൻറ് മെറ്റീരിയൽസ് സപ്ലൈ ഓർഡർ കോപ്പി
12. വേജസ് ലിസ്റ്റ്
13. വേതന ത്തിൻറെ സാധനങ്ങൾക്ക് പണമടച്ച അതിൻറെ എഫ് ടി കോപ്പി
14. മെറ്റീരിയൽ വൗച്ചർന്റെഉം ബില്ലുകളുടെ യും കോപ്പി
15. റോയൽറ്റി അടച്ച രസീത് കോപ്പി
16. മൂന്ന് ഘട്ടങ്ങളായുള്ള ഉള്ള തൊഴിൽ ഫോട്ടോകൾ
17. പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് കോപ്പി
18. മസ്റ്റർ റോൾ മൂവ്മെൻറ് സിൽപ്പ്
19. ആസ്തി ഉദെ ജിയോ ടാഗ് ഫോട്ടോസ്
20. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി
21. സൈറ്റ് ഡയറി
22. മറ്റ് അനുബന്ധ രേഖകൾ

**<u>കവർപേജ്</u>**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഉള്ള ഒരു കവർ പേജ കാണാൻ കഴിഞ്ഞില്ല. ..

**<u>ചെക്ക് ലിസ്റ്റ്.</u>**

ഒരു പ്രവർത്തി ഫൈയലിൽ ഏതൊക്കെ രേഖകൾ എവിടെ ഏത് പേജ്ജ മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച്5 ഫയലുകളിലും ചെക്ക് ലിസ്റ്റ് പകർപ്പ് ഉണ്ടായിരുന്ന്നില്ല്..

**ആക്ഷൻ പ്ലാൻ ഇൻറെ കോപ്പി**

ഒരു പ്രവർത്തി പഞ്ചായത്തിൽ നടപ്പുവർഷത്തിൽ അനുവദിക്കണമെങ്കിൽ എങ്കിൽ അത് ആക്ഷൻ പ്ലാനിൽ ഉണ്ടായിരിക്കണം. നടന്ന പ്രവർത്തി ആക്ഷൻ പ്ലാനിൽ ഉണ്ട് എന്ന് തെളിയിക്കുന്നതിന് വേണ്ടി ആക്ഷൻ പ്ലാനിന് കോപ്പി കൂടി ഫയലിൽ സൂക്ഷിക്കനം ..പരിശോധിച്ച് എല്ലാ ഫയലുകളിലും ആക്ഷൻ പ്ലാനിന് കോപ്പിയും യും ഗ്രാമസഭാ തീരുമാനത്തിന് കോപ്പിയും സൂക്ഷിച്ചിട്ടുണ്ട്.

**എസ്റ്റിമേറ്റ്**

ഒരു പ്രവർത്തി എങ്ങനെ ഏതളവിൽ ചെയ്യണമെന്ന് എന്ന് സാങ്കേതികമായി പ്രതിപാദിപ്പിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്.

**സാങ്കേതിക അനുമതി**

ഒരു പ്രവർത്തിക്കു സാങ്കേതികവിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ഉള്ള ആധികാരിക രേഖയാണ് അനുമതിരേഖ . മുഴുവൻ ഫയലുകളും സാങ്കേതിക അനുമതിരേഖ .സൂക്ഷിച്ചിരുന്നു. സാങ്കേതിക അനുമതിരേഖ രേഖകൾ സാങ്കേതികവിദഗ്ധരുടെ ഓപ്പോ,സിl തീയതി എന്നിവ രേഖപ്പെടുത്തിയിരുന്നില്ല.

**ഭരണാനുമതി രേഖ.**

പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ. എല്ലാ ഫയലുകളും സൂക്ഷിച്ചിരുന്നു. കമ്പ്യൂട്ടറിൽ നിന്ന് എടുത്ത കോപ്പിയാണ് ഫയലിൽ സൂക്ഷിക്കുന്നത് .അത്ൽi നിർവഹണ

ഉദ്യോഗസ്ഥരുടെ ഒപ്പും തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. ഭരണാനുമതി ലഭിക്കുന്നതിനു സമർപ്പിച്ചിരിക്കുന്ന ഗ്രാമസഭ തീരുമാനത്തിന്റെ കോപ്പിയും സൂക്ഷിച്ചിട്ടുണ്ട്.

## ഡിമാൻഡ് ഫോറം

തൊഴിലാളി തൊഴിൽ ആവശ്യപ്പെടുന്നതിന്റെ അപേക്ഷയാണ് ഡിമാൻഡ് ഫൊർമ്. ആവശ്യപ്പെട്ട 15 ദിവസത്തിനുള്ളിൽ ഉള്ളിൽ ജോലി നൽകിയോ എന്ന് അറിയുന്ന രേഖയാണ്. ഡിമാൻഡ് ഫൊർമ് ഫയലുകളിലും ഉണ്ടായിരുന്ന്നില്ല്..

## വർക്ക് അലോക്കേഷൻ ഫോറം

പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ്. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ ജോലി ലഭിച്ചോ എന്നറിയാൻ ഈ ഫോറം സഹായിക്കും .. ഷെഡ്യൂൾ വൺ പാര 2 ഷെഡ്യൂൾ 2 പാര 14,21 എ എം സി ചാപ്റ്റർ 4.2 പ്രകാരം വർക്ക് അനുവദിച്ചുകൊണ്ടുള്ള ഫോറം സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ ഫോറം ഫയലുകളിൽ സൂക്ഷിച്ചിരുന്നില്ല.

### മസ്റ്റർ റോൾ

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്തുന്ന ആധികാരിക രേഖയാണ് മാസ്റ്റർ റോൾ. ഷെഡ്യൂൾ വൺ പാര 1, 5 ജി പ്രകാരമുള്ള പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോളുകൾ ഫയലിൽ കാണാൻ സാധിച്ചു . സെക്രട്ടറി, ബി.ഡി.ഓ എന്നിവരുടെ ഒപ്പം തീയതിയും രേഖപ്പെടുത്തിയിരുന്നു. മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു

### മെഷർമെൻറ് ബുക്ക്

ഒരു പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് എപ്രകാരം ആണ് എന്നും മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെൻറ് ബുക്ക്. പരിശോധിച്ച് എല്ലാ ഫയലുകളിലും മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു. മെഷർമെൻറ് ബുക്ക് പഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ

സാക്ഷ്യപ്പെടുത്തിയിരുന്നില്ല.

പ്രവർത്തി പൂർത്തീകരിക്കുന്നതിന് വിവിധ ഘട്ടങ്ങളിലെ തുക ആകുമ്പോഴും ഒടുവിൽ പ്രവർത്തിക്കു അനുവദിച്ച തുക പ്രകാരമുള്ള ആകെത്തുക അനുവദിക്കുമ്പോഴും മെഷർമെൻറ് ബുക്കിൽ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഒപ്പും സീലും എന്നിവ പതിപ്പിച്ചിരിക്കനം **എന്നാൽ എല്ലാ എം ബുക്കുകളും സക്രെട്ടറി ഒപ്പും സീലും ചെയ്തതായി കാണാൻ കഴിഞ്ഞില്ല .**

വെജ് ലിസ്റ്റ്

മസ്റ്റർ രോള്ളിനു ആനുപാതികമായി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖയാണ് വെജു ലിസ്റ്റ്.. പരിശോധിച്ച് ഒരുഫയലുകലിലും വെജ് ലിസ്റ് ഉണ്ടായിരു ന്നില്ല.

ഫണ്ട് ട്രാൻസ്ഫർ ഓഡർ

മസ്റ്റർ റോളും, വേജു ലിസ്റ്റിനു അനുസരിച്ച് തൊഴിലാളിക്ക് വേതനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. പരിശോധിച്ച് ഒരുഫയലുകളിലും ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഉണ്ടായിരു ന്നില്ല.

ഫോട്ടോഗ്രാഫ്

ഒരു പ്രവർത്തി തുടങ്ങുന്നതിനുമുമ്പേ പ്രവർത്തി നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവർത്തി പൂർത്തീകരിക്കുന്നതിന് ശേഷവുമുള്ള മൂന്നു ഘട്ടങ്ങളുള്ള ഫോട്ടോ പ്രവർത്തി ഫയലുകളിൽ സൂക്ഷിച്ചിരിക്കനം . ഫോട്ടോഗ്രാഫ്,

ജിയോ ടാഗ് ഫോട്ടോസ് ഫയലിൽ സൂക്ഷിച്ചിരുന്നില്ല.

പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തി പൂർത്തീകരിച്ചത് രേഖയാണ് പ്രവർത്തി പൂർത്തീകരണം സാക്ഷിപത്രം. എന്നാൽ പരിശോധിച്ച് ഫയലുകളിൽ **ഒന്നും തന്നെ പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല**

മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തെയും മാസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്ക്

വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളിലും ഏതൊക്കെ തീയതികളിൽ എന്ത് നടന്നു എന്ന് മനസ്സിലാക്കുന്നതാണ് മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്. പരിശോധിച്ച് എല്ലാ ഫയലുകളിലും ഇത് കാണാൻ സാധിച്ചു . **എന്നാൽ പൂരിപ്പിച്ച് ആയിരുന്നില്ല സൂക്ഷിച്ചിരുന്നത്.**

<u>സൈറ്റ് ഡയറി</u>

പ്രവർത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. പരിശോധിച്ച5 ഫയലുകളും3ൽ മാത്രമാണ് സൈറ്റ്ഡയറി കാണാൻ കഴിഞ്ഞുള്ളു .തൊഴിലാളികളുടെ തൊഴിൽ സൗകര്യങ്ങൾ, ചികിത്സാസഹായം സംബന്ധിച്ചുള്ള രേഖകൾ എന്നിവ ഒഴിച്ച് ബാക്കി എല്ലാ പേജുകളും അപൂർണ്ണമായും പൂരിപ്പിച്ച് ഇരുന്നു .സന്ദർശന കുറിപ്പിൽ വാർഡ് മെമ്പറും ഓവർസിയർ മാത്രമാണ് സന്ദർശിചിരിക്കുന്നതു.

## <u>സോഷ്യൽ ആഡിറ്റ്പങ്കെടുത്തവർ</u>

1) ഷൈനി വി എസ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, വെട്ടിക്കവല, കൊല്ലം
2) സലീനാ ബീഗം
3) അനീഷാ എം.
4) അക്ഷര യമുനാ
5) ഗായത്രി കെ. ആർ

## <u>സഹായിച്ചവർ</u>

1) പഞ്ചായത്ത് പ്രസിഡന്റ്

2) പഞ്ചായത്ത് സമിതി അംഗങ്ങളും ജീവനക്കാരും

3) കൊല്ലം ജെ.പി.സി, വെട്ടിക്കവല ബി.ഡി.ഒ , ജോയിന്റ് ബി. ഡി. ഒ & പഞ്ചായത്ത് സെക്രട്ടറി

4) മേറ്റുമാരായ **സൂസമ്മ, വസന്ത രാജൻ, സരസ്വതി**

5) & തൊഴിലാളികളും

6)ശ്രീ പീറ്റർ പ്രദീപ് , ജില്ലാ റിസോഴ്സ് പേഴ്സൺ, സോഷ്യല് ഓഡിറ്റ് കൊല്ലം

7)മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളാ ടീം

## GS Meeting Minutes

